## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.318 — 23.01.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

# കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. അതിൽ 3 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചു. 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ അനുവദിച്ചു. ടി സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ, അറ്റകുറ്റ പണികൾ എൻ.എച്ച്.എം.മുഖേന നടപ്പിലാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. നടക്കുന്നുണ്ട്. ഇ-ഹെൽത്ത് പദ്ധതി, വിഷാദരോഗ ക്ലിനിക്ക് ലബോറട്ടറി സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളായ കൊയിലാണ്ടി, താലൂക്ക് ആശുപത്രി ബാലുശ്ശേരി, താമരശ്ശേരി, ഫറോക്ക് എന്നിവയും ജനറൽ ആശുപത്രി, കോഴിക്കോട്, ജില്ലാ ആശുപത്രി വടകര എന്നീ പ്രധാന ആശുപത്രികളെയും കോഴിക്കോട് ജില്ലയിൽ നിന്നും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ആശുപത്രികളിൽ ആകെ 62 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | കൊയിലാണ്ടി താലൂക്ക് ആശുപത്രി ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ ഈ ആശുപത്രിയിൽ നടപ്പിലാക്കി എന്നത് വിശദമാക്കാമോ; | (ബി) | ഉണ്ട്. ആശുപത്രിയിലെ വിവിധ വിഭാഗങ്ങളായ അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, ഓർത്തോ പീഡിക്, എന്നീ വിഭാഗങ്ങൾക്ക് വേണ്ട 111.78 ലക്ഷം രൂപയുടെ ഉപകരണങ്ങളും എമർജൻസി വിഭാഗത്തിന് വേണ്ട 435.35 ലക്ഷം രൂപയുടെ ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഈ വർഷം വിതരണം ചെയ്യുന്നതാണ്. 65 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ മരാമത്ത് പണികൾ പി.ഡബ്ല്യൂ.ഡി വഴി നടപ്പിലാക്കുന്നതാണ്. ടി ആശുപത്രിയിൽ താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) - 1<br>2. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 2<br>3. ഇ.സി.ജി.ടെക്നീഷൻ ഗ്രേഡ് II – 1<br>4. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ - 1<br>5. സ്റ്റാഫ് നേഴ്സ് ഗ്രേഡ് II - 2 |
| (സി) | പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പുതിയ സജ്ജീകരണങ്ങൾ ഉണ്ടാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ നടപടി പുരോഗതി വിശദമാക്കാമോ; | (സി) | കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിർമ്മാണം പൂർത്തിയായ കെട്ടിടം പ്രവർത്തന യോഗ്യമാക്കുന്നതിന് ഇന്റീരിയർ പ്രവർത്തികൾക്കുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. ആയതു ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | എത്ര രൂപയുടെ പദ്ധതിയാണ് ഡി.എം.ഒ ഈ ആവശ്യത്തിനായി ഡി.എച്ച്.എസ് മുൻപാകെ സമർപ്പിച്ചത് എന്നത് റഫറൻസ് സഹിതം വിശദമാക്കാമോ; | (ഡി) | പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പുതിയ സജ്ജീകരണങ്ങൾ ഉണ്ടാക്കുന്നതിനായി 9 കോടി 10 ലക്ഷം രൂപയുടെ സി1/803/17 തീയതി 06/11/2017 നമ്പർ പ്രൊപ്പോസലും അത്യാവശ്യ ഉപകരണങ്ങൾക്ക വേണ്ടി 3,37,92,724/- രൂപയുടെ സി1/803/17 തീയതി 13.07.2017 എന്നീ പ്രൊപ്പോസലുകൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് ആരോഗ്യ വകുപ്പ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഡി.എച്ച്.എസ് ഈ പ്രോജക്റ്റിൽ സർക്കാരിന് നൽകിയ റഫറൻസ് വിശദമാക്കാമോ; സർക്കാരിലേയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഇ) & (എഫ്) | പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | പദ്ധതിയ്ക്ക് അംഗീകാരം നൽകാൻ ഇനി എന്ത് നടപടികളാണ് സർക്കാർ തലത്തിൽ പൂർത്തിയാവാനുള്ളത് എന്നത് വിശദമാക്കാമോ; പദ്ധതിയ്ക്ക് എപ്പോൾ അംഗീകാരം ലഭ്യമാക്കുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ